# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. 3225

07/02/2018 ൽ
മറുപടിക്ക്

## ജൈവ കശുമാവ് കൃഷിക്ക് സ്വീകരിച്ച നടപടികൾ

ചോദ്യം
ശ്രീ.കെ.എസ്.ശബരീനാഥൻ
ശ്രീ.ഹൈബി ഈഡൻ
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.വി.എസ്.ശിവകുമാർ

ഉത്തരം
ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം കശുവണ്ടി വ്യവസായ ഉന്നമനത്തിനും തൊഴിലാളികളുടെ ക്ഷേമത്തിനും പ്രകടന പത്രികയിൽ പ്രഖ്യാപിച്ച പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; | (എ) | പ്രകടന പത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | മറ്റ് സംസ്ഥാനങ്ങളിൽ സ്ഥലം പാട്ടവ്യവസ്ഥയിലെടുത്ത് കശുമാവ് കൃഷി ചെയ്യുന്ന പദ്ധതി പ്രകാരം എത്ര ഏക്കറിൽ കശുമാവ് കൃഷി ആരംഭിച്ചു ; | (ബി) | മറ്റ് സംസ്ഥാനങ്ങളിൽ സ്ഥലം പാട്ട വ്യവസ്ഥയിലെടുത്ത് കശുമാവ് കൃഷി ചെയ്യുന്നതിനുള്ള ശ്രമം ബന്ധപ്പെട്ട സംസ്ഥാനം മുന്നോട്ടു വച്ച ചില വ്യവസ്ഥകൾ കാരണം ഫല പ്രാപ്തിയിലെത്തിയിട്ടില്ല. |
| (സി) | കശുവണ്ടിക്ക് പ്ലാന്റേഷൻ പദ്ധതി നടപ്പിലാക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ ; | (സി) | കശുമാവ് കൃഷി വികസന ഏജൻസി 2017-18 സാമ്പത്തിക വർഷത്തിൽ 2 ഹെക്ടറോ അതിൽ കൂടുതലോ ഉള്ള കർഷകരെ ഉൾപ്പെടുത്തി കശുമാവ് തോട്ടം എന്നപേരിൽ പദ്ധതി നടപ്പിലാക്കി വരുന്നു. കർഷകരിൽ നിന്നും വിവിധ സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളിൽ നിന്നും അപേക്ഷ ക്ഷണിയ്ക്കുകയും ഈ പദ്ധതി പ്രകാരം തൈകൾ സൗജന്യമായി നൽകിയിട്ടുണ്ട്. കൂടാതെ ഒരു ഹെക്ടറിന് 13000/- രൂപ നിലം ഒരുക്കുന്നതിന് ധനസഹായമായി നൽകുന്നുണ്ട്.<br>എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കൃഷി നടത്തുന്നതിനുള്ള നടപടികൾ വിവിധ |

| | | | |
|---|---|---|---|
| | | | വകുപ്പുകളുമായി ചേർന്ന് ഇതിനകം ആരംഭിച്ചിട്ടുണ്ട്. പരിസ്ഥിതിക്ക് ദോഷകരമായ അക്കേഷ്യ ഉൾപ്പെടെയുള്ള മരങ്ങൾ വെട്ടി മാറ്റി പകരം കശുമാവ് തൈകൾ വച്ചു പിടിപ്പിക്കുവാൻ മന്ത്രിമാരുൾപ്പെട്ട ഉന്നതതല യോഗത്തിൽ തീരുമാനിക്കുകയും തുടർന്ന് വനം വകുപ്പിന്റെ കീഴിലുള്ള 300 ഏക്കർ സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്. വരും വർഷം 5000 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കാനും വനം വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. മറ്റ് വകുപ്പുകളുടെ കീഴിലുള്ള 305 ഹെക്ടർ സ്ഥലത്ത് കൃഷി നടത്തുവാനും ഇതിനകം തീരുമാനിച്ചിട്ടുണ്ട്. ഓയിൽപാം ഇന്ത്യാ ലിമിറ്റഡിന്റെ ഏരൂരിലുള്ള 53 ഹെക്ടർ സ്ഥലത്ത് കശുമാവ് തോട്ടം ആരംഭിച്ചിട്ടുണ്ട്.<br>ഉല്പാദനം കുറവുള്ള റബ്ബർ പ്ലാന്റേഷനിൽ റബ്ബറിനു പകരം എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കശുമാവ് കൃഷി ചെയ്യുന്നത് സംബന്ധിച്ച് പ്ലാന്റേഷൻ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ വകുപ്പ് മന്ത്രിയും റവന്യൂ വകുപ്പ് മന്ത്രിയും ചർച്ചയും തുടർ നടപടികളും സ്വീകരിച്ചു വരുന്നു. |
| (ഡി) | ജൈവ കശുമാവ് കൃഷിക്ക് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; | (ഡി) | ജൈവ കശുമാവ് കൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി ജൈവ കൃഷിരീതിയെ കുറിച്ചുള്ള പരിശീലനവും മാർഗ്ഗ നിർദ്ദേശങ്ങളും കർഷകർക്ക് കെ.എസ്.എ.സി.സി നൽകി വരുന്നു. |
| (ഇ) | റോ നട്ട് ബാങ്ക് നിലവിൽ വന്നിട്ടുണ്ടോ ; വിശദാംശം നൽകുമോ? | (ഇ) | ഇല്ല. |

സെക്ഷൻ ഓഫീസർ